**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4689** **10-08-2021 - ൽ മറുപടിയ്ക്ക്**

**വളർത്തുമൃഗങ്ങൾക്കും കന്നുകാലികൾക്കും ലൈസൻസ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . പി . ഉബൈദുള്ള ,<br>ശ്രീ . എൻ . ഷംസുദീൻ ,<br>ശ്രീ . ടി. വി. ഇബ്രാഹിം ,<br>ശ്രീ എ കെ എം അഷ്‌റഫ് | | Smt J Chinchurani<br>(മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് നിലവിലുള്ള വളർത്തുമൃഗങ്ങൾക്കും കന്നുകാലികൾക്കും ലൈസൻസ് വേണമെന്ന് ഹൈക്കോടതി നിർദ്ദേശം നല്കിയിട്ടുണ്ടോ; വ്യക്തമാക്കുമോ; | (എ) | ഉണ്ട്. ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയിൽ നിലവിലുള്ള WP(C)No. 13204/2021 കേസിന്റെ ഭാഗമായി 14.07.2021 ൽ കോടതി പുറപ്പെടുവിച്ച ഉത്തരവ് പ്രകാരം തദ്ദേശസ്വയംഭരണ വകുപ്പിന് ഇതു സംബന്ധിച്ച നിർദ്ദേശം നൽകുകയുണ്ടായി. അതാതു തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ പരിധിയിൽ വരുന്ന ഉരുക്കൾ, ഓമനമൃഗങ്ങൾ എന്നിവയെ 6 മാസത്തിനുള്ളിൽ പഞ്ചായത്ത് / മുൻസിപ്പൽ നിയമങ്ങളും ചട്ടങ്ങളും പ്രകാരം രജിസ്റ്റർ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിയ്ക്കുന്നതിനാണ് പ്രസ്തുത നിർദ്ദേശം നൽയിട്ടുള്ളത്. |
| (ബി) | കോടതി വിധിയുടെ അടിസ്ഥാനത്തിൽ ലൈസൻസ് നൽകുന്നതിനായി സർക്കാർ സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ; | (ബി) | നിലവിലെ ചട്ടപ്രകാരം പക്ഷിമൃഗാദികളെ രജിസ്റ്റർ ചെയ്യുന്നതിനായി മൃഗസംരക്ഷണ വകുപ്പിൽ നിലവിലുള്ള ഭൂമിക പോർട്ടൽ രജിസ്ട്രേഷൻ ഫലപ്രദമായി ഉപയോഗപ്പെടുത്താൻ കഴിയുമെന്ന് തദ്ദേശസ്വയംഭരണ വകുപ്പിന് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (സി) | മൃഗസംരക്ഷണത്തിനായി പൊതു, സ്വകാര്യ പങ്കാളിത്തത്തിലൂടെ പുതിയ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം നൽകുമോ? | (സി) | പരിഗണനയിലില്ല |

സെക്ഷൻ ഓഫീസർ